യൂണിയന് അവകാശം ലഭിക്കണം എന്നതാണ് തർക്കം. അതുകൊണ്ട് ആറേഴു മാസക്കാലമായി അഞ്ച് പഞ്ചായത്തുകളിൽ റബ്ബർമരം മുറിച്ചുമാറ്റാൻ കഴിഞ്ഞിട്ടില്ല. ഈ ബുദ്ധിമുട്ട് പരിഹരിക്കേണ്ടിയിരിക്കുന്നു. എനിക്ക് ഗവൺമെൻറിന്റെ നയം എന്താണെന്നറിയണം. തൊഴിൽ എന്നു പറയുന്നത് തൊഴിലാളിക്കാണോ അതോ തൊഴിലാളി യൂണിയനുകൾക്കാണോ ? തൊഴിലാളിക്കാണെങ്കിൽ അതാതു പ്രദേശത്ത് ആ തൊഴിൽ അറിയാവുന്ന തൊഴിലാളികളെ സെലക്ട് ചെയ്ത് മരം മുറിപ്പിക്കാനുള്ള അവകാശം കൃഷിക്കാർക്ക് കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പത്തും നാനൂറും റബ്ബർ മരങ്ങളുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം റബ്ബർ മരങ്ങൾ പുതുതായി വച്ചുപിടിപ്പിക്കാൻ കഴിയുന്നില്ല. ഈ മരങ്ങൾ മുറിക്കാതിരിക്കുന്നതുകൊണ്ട് സാമ്പത്തികമായും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നുണ്ട്. ഈ യൂണിയൻതർക്കം ഒന്നവസാനിപ്പിക്കുവാൻ എന്തു നടപടി സ്വീകരിച്ചാലും വിരോധമില്ല. റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി തൊഴിൽ എന്നു പറയുന്നത് തൊഴിലാളിക്കാണെന്ന് പ്രഖ്യാപിച്ച് തൊഴിലറിയാവുന്ന, കൃഷിക്കാരനിഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് മരം മുറിപ്പിക്കാൻ അനുവാദം കൊടുക്കുന്നതിന് ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, തൊഴിൽ തൊഴിലാളിക്ക് എന്നുള്ളതിൽ ഗവൺമെൻറിന് യാതൊരു സംശയവും ഇല്ല. ഇഷ്ടമുള്ള തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ അനുവദിക്കാൻ പ്രയാസമാണ്. അതുകൊണ്ട് ഒരു ഏരിയായിൽ ഈ പ്രത്യേക ജോലി ചെയ്തിരുന്ന ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഗവൺമെൻറിന് ബാദ്ധ്യതയുണ്ട്. അത് പ്രൊട്ടക്ട് ചെയ്തുകൊണ്ട് തൊഴിലാളിക്കുതന്നെയാണ് തൊഴിൽ അവകാശം എന്ന് അംഗീകരിച്ചുകൊണ്ട് ആ പ്രദേശത്ത് ജോലിചെയ്യുന്ന തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരു കൂടിയാലോചന നടത്തി പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കും.

(9) തൃത്താല നിയോജകമണ്ഡലത്തിലെ ശുദ്ധ ജലക്ഷാമം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, രണ്ടു പ്രാവശ്യം ഈ നിയമസഭയുടെ മുൻപിൽ കൊണ്ടുവന്ന ഒരു പ്രശ്നമാണ് ഞാൻ വീണ്ടും ആവർത്തിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ ഒൻപതു പഞ്ചായത്തുകൾക്കായി ആകെ ഒരു വാട്ടർസപ്ലൈ സ്കീമാണ് ഉള്ളത്. തൃത്താല വാട്ടർസപ്ലൈ സ്കീം ബാക്കിയുള്ള ഒരു പഞ്ചായത്തിലും ഫലപ്രദമായി ശുദ്ധജലവിതരണം നടത്താൻ ആവശ്യമായ പദ്ധതികളില്ല. തൃത്താല വാട്ടർസപ്ലൈ സ്കീമിൽനിന്നാണ് ഗുരുവായൂർ ടൗൺഷിപ്പിലെ ജനങ്ങൾക്കും കുന്നംകുളം ടൗണിലെ ജനങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നത്. തൃത്താലയിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല വളരെക്കാലമായി അവിടത്തെ ജനങ്ങൾ അതിനുവേണ്ടി കേണപേക്ഷിക്കുകയാണ്. ഈ നിയമസഭയിൽ ഞാൻ ഈ കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ശേഷം കാര്യക്ഷമമായിട്ടുള്ള യാതൊരു പ്രവർത്തനവും അവിടെ നടന്നിട്ടില്ല. തൃത്താല പഞ്ചായത്തിലെ ആറ് ഹരിജൻ കോളനികളായ ചോലക്കുണ്ട്, പണ്ടാരക്കുന്ന്, മേഴത്തൂർ, കുന്നത്തുകാവ്, തൃത്താല, തൃത്താലചെറുകുന്ന് എന്നിവിടങ്ങളിലും തൃത്താല ആശുപത്രിയിലും ഇന്നു വെള്ളം ലഭിക്കുന്നില്ല. അവിടെയുള്ള ഒൻപതു പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനുവേണ്ടി ബൃഹത്തായ ഒരു പദ്ധതിക്ക് ഗവൺമെന്റ് വർഷങ്ങൾക്കുമുൻപ് രൂപം നൽകിയിട്ടുണ്ട്. ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടുകൂടി പത്തുകോടിരൂപ ചെലവുവരുന്ന ഒരു പദ്ധതിക്കാണ് ഗവൺമെന്റ് രൂപം നൽകിയിട്ടുള്ളത്. അതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ചർച്ചകളും നടത്തിയെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള യാതൊരു കാര്യക്ഷമമായ നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി അടിയന്തിരമായ നടപടികൾ സ്വീകരിക്കണം എന്ന് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മറ്റൊന്ന്, എനിക്ക് പറയാനുള്ളത് തൃത്താല നിയോജകമണ്ഡലത്തിലെ ജനങ്ങളെ സഹായിക്കുവാൻ അടിയന്തിരമായി ചില നടപടികൾ ഗവൺമെന്റിന് സ്വീകരിക്കുവാൻ കഴിയും. അത് ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുന്നു. അവിടെയുള്ള പൈപ്പ്ലൈൻ എക്സ്റ്റെൻഡ് ചെയ്യുകയും ഗവൺമെന്റ് ആശുപത്രിയിലേക്ക് പൈപ്പ് എക്സ്റ്റെൻഡ് ചെയ്യുകയും തൃത്താല മുതൽ കറുനാട് വരെയുള്ള മെയിൻ റോഡിന്റെ സൈഡിൽ ആവശ്യമായ ടാപ്പുകളിടുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. മേഴത്തൂർ തുടങ്ങിയ പ്രദേശങ്ങളിൽ ടാപ്പുകളിടുന്നതിന് നടപടികൾ സ്വീകരിക്കണം. ഇവയൊക്കെ ചെയ്താൽ ജനങ്ങൾക്ക് അല്പം ആശ്വാസമാകും. അവിടത്തെ ജനങ്ങൾ വളരെ ക്ഷുഭിതരായിട്ടിരിക്കുകയാണ്. അവിടെയുള്ള ജനങ്ങൾ കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഒരു സമരസമിതി രൂപീകരിച്ചിരിക്കുകയാണ്. ആ സമരസമിതി ഗവൺമെന്റിനോടും ഉദ്യോഗസ്ഥന്മാരോടും ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവർത്തിച്ചിട്ടുണ്ട്. എങ്കിലും കാര്യമായി യാതൊന്നും നടന്നിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ പ്രത്യേകം താല്പര്യമെടുത്ത് ഈ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് തൃത്താലയിലെ ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തൃത്താല, ചാലിശ്ശേരി, വിവേകപുരം, കപ്പൂർ എന്നീ പഞ്ചായത്തുകളിൽ ഇപ്പോൾതന്നെ ശുദ്ധജല വിതരണ പദ്ധതികളുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത് വളരെ അപര്യാപ്തമാണ്. തൃത്താല സ്കീമിൽനിന്നല്ല കുന്നംകുളത്തേക്ക് വെള്ളം കൊണ്ടുപോകുന്നത്. കുന്നംകുളം ഗുരുവായൂർ സ്കീമിൽനിന്നും തൃത്താലയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഹരിജൻ കോളനികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന് 27 കുഴൽക്കിണറുകൾ കുഴിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ കുഴൽക്കിണർ കുഴിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. 17 ലക്ഷം രൂപയുടെ പദ്ധതിക്ക് നെതർലാൻഡ്സ് ഗവൺമെന്റുമായി കൂടിയാലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച അന്തിമ തീരുമാനമെടുത്തിട്ടില്ല. അന്തിമ തീരുമാനമെടുത്തു കഴിഞ്ഞാൽ ആ പദ്ധതി ഒട്ടും കാലതാമസം കൂടാതെ നടപ്പിലാക്കാൻ സാധിക്കും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ടാപ്പ് ഇടുന്നതിനുള്ള എർപ്പാട് ചെയ്യണം.

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ തന്നെ വെള്ളം വേണ്ടത്ര ഇല്ലാത്തതുകൊണ്ട് അഡീഷണൽ ടാപ്പ് ഇട്ടാൽ ഉള്ള സപ്ലൈകൂടി ബുദ്ധിമുട്ടിലാകും എന്നാണ് റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly